പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4163 17.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## റിയൽ എസ്റ്റേറ്റ് നിയന്ത്രണ നിയമം നടപ്പിലാക്കാൻ നടപടി

| ചോദ്യം<br>ശ്രീ. പി.സി. ജോർജ്ജ് | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) റിയൽ എസ്റ്റേറ്റ് തട്ടിപ്പ് നിയന്ത്രിക്കാനായുള്ള റിയൽ എസ്റ്റേറ്റ് നിയന്ത്രണ നിയമം 01.05.2017 മുതൽ ഇന്ത്യയിലെ 13 സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;<br><br>ബി) പ്രസ്തുത സംസ്ഥാനങ്ങളിൽ കേരളം ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | എ) ആന്റ് ബി) ഉണ്ട്, കേന്ദ്ര ആക്ടായ 2016 ലെ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് (ഏതാനും വകുപ്പുകൾ) 2016 മെയ് ഒന്നാം തീയതി നിലവിൽ വന്നു. 2015 ലെ സംസ്ഥാന ആക്ടിലെ ഒട്ടേറെ വ്യവസ്ഥകൾ കേന്ദ്ര ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ കേന്ദ്ര ആക്ടിനനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിലേക്കായി സംസ്ഥാന ആക്ട് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. അതിനായി തയ്യാറാക്കിയ കരട്, സർക്കാർ പരിശോധിച്ചു വരുന്നു. കേന്ദ്ര ആക്ട് പ്രകാരം റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയും അപ്പലേറ്റ് ട്രൈബ്യൂണലും സംസ്ഥാനത്ത് രൂപീകരിക്കേണ്ടതുണ്ട്. |
| സി) മുൻ സർക്കാർ കൊണ്ടുവന്ന സംസ്ഥാന റിയൽ എസ്റ്റേറ്റ് അതോറിറ്റി നിലവിലുണ്ടോ; ഇതിന്റെ ചെയർമാൻ ആരാണ്; ഉദ്യോഗസ്ഥർ ആരെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) സംസ്ഥാന ആക്ട് റദ്ദാക്കിയിട്ടില്ലാത്തതിനാൽ ടി ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ച അതോറിറ്റി ഇപ്പോഴും നിലനിൽക്കുകയാണ്. ചെയർമാനായി ശ്രീ.എസ്.അജയകുമാറാണ്. ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീ.ഡെൻസിൽ ഫെർണാണ്ടസ് സെക്രട്ടറിയുടെ അധികച്ചുമതല വഹിക്കുന്നു. മറ്റു ഉദ്യോഗസ്ഥരൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ